www.vibesmonthlymagazine.in

# VIBES

MARCH 2024 ISSUE 06 BUSINESS MAGAZINE

ഈ ലക്കം സൗജന്യം




# INVEST IN WOMEN ACCELERATE PROGRESS



പെണ്മ

ജോസി തുമ്പാനത്ത്

# തളരാത്ത മനസ്സിന് ഉടമ
# സ്ത്രീകൾക്ക് അഭിമാനവും പ്രചോദനവുമായി ഡോ. അഷ്ന ഹനീഷ്

**ഏർപ്പെടുന്ന മേഖലകളിലെല്ലാം ഊർജ്ജസ്വലതയോടും തീക്ഷ്ണതയോടും പ്രതിബദ്ധതയോടും കൂടി തന്റെ വ്യക്തിത്വം നിലനിർത്തുന്ന ഈ സംരംഭകയ്ക്ക് മുന്നോട്ടുള്ള പ്രയാണത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അനേകരിലേക്ക് പോസിറ്റീവ് എനർജിയുടെ വലിയ ലോകം തുറന്നിടുന്ന ഡോക്ടർ അഷ്ന സ്ത്രീ ലോകത്തിന് അഭിമാനവും പ്രചോദനവും ആണ്**

കുടുംബത്തിന്റെ താങ്ങും തണലുമായി നിന്ന ഭർത്താവിന് അപൂർവ്വ രോഗം വന്ന് തളർന്ന് കിടപ്പിലാവുക.... ഒറ്റപ്രസവത്തിലുള്ള മൂന്ന് കുഞ്ഞു കുട്ടികളുടെ പരിചരണം ... എന്നും കരുതലും കരുത്തുമായി കൂടെയുണ്ടായിരുന്ന ഉമ്മയുടെ വേർപാട് ... ഏതൊരു സ്ത്രീയും തകർന്നു പോകുന്ന സാഹചര്യം.പ്രതിസന്ധികൾ സൃഷ്ടിച്ച ആഴങ്ങളിൽ മുങ്ങിത്താഴ്ന്ന പോകാതെ അനേകർക്ക് അത്താണിയും മാർഗ ദീപവുമായി വളർന്ന വ്യക്തിത്വത്തിന് ഉടമയാണ് ഡോക്ടർ അഷ്ന.

## FUTUREACE

സംരംഭകർ പലപ്പോഴും ലാഭത്തിനാണ് മുൻതൂക്കം നൽകാറ്. എന്നാൽ സേവനത്തിനും അർപ്പണത്തിനും മുൻതൂക്കം കൊടുത്തുകൊണ്ട് ഒരു സംരംഭം തുടങ്ങുക; അതും ആരോഗ്യരംഗത്ത്. അതിന് പ്രകടമായി ഒരു ഉദാഹരണം മാത്രമേ ഉള്ളൂ അതാണ് ഫ്യൂച്ചറേസ് ഹോസ്പിറ്റൽ. സമാന മനസ്ക്കരായ സുഹൃത്തുക്കൾ ചേർന്ന് നടത്തുന്ന ഒരു ബ്യൂട്ടിക്ക് ഹോസ്പിറ്റൽ ആണിത്. രോഗികൾക്ക് ഏതു രോഗത്തിനും ചികിത്സക്കായി സമീപിക്കാവുന്ന, സ്വന്തമായി ഡോക്ടറെ തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ള ഹോസ്പിറ്റൽ. മധ്യവർത്തികളില്ലാതെ തന്നെ. അങ്ങനെ പറയുമ്പോൾ അത്ഭുതം തോന്നിയേക്കും! ഇതെല്ലാം സാധ്യമാണോ ആരോഗ്യരംഗത്ത് എന്ന് ? സംശയിക്കപ്പെടുകയും ചെയ്യാം. സംശയത്തിനും അത്ഭുതത്തിനും സ്ഥാനമില്ലാതാകും ഫ്യൂച്ചറേസ് ഹോസ്പിറ്റലിനെ കുറിച്ച് കൂടുതൽ അറിയുമ്പോൾ. എറണാകുളത്ത് ഇടപ്പള്ളിയിലെ ലുലുമാളിനടുത്താണ് ഫ്യൂച്ചറേസ് ഹോസ്പിറ്റൽ.

ഇത് പുതിയൊരു ചിന്തയാണ്. പുതിയൊരു ആശയമാണ്. പുതിയൊരു തുടക്കമാണ്. ആരോഗ്യരംഗത്തെ തികച്ചും അപൂർവ്വമായ ഒന്ന്. ഒരു കുടുംബത്തിലെ മൂന്നുപേർക്ക് വ്യത്യസ്തമായ അസുഖങ്ങൾ



ഉണ്ടെന്നിരിക്കട്ടെ. അതിലൊരാൾക്ക് ചികിത്സയിൽ സെക്കൻഡ് ഒപ്പീനിയനം എടുക്കണം എന്ന് കരുതുക. ആശങ്കപ്പെടാനില്ല ഒരു ഫോൺകോൾ ഫ്യൂച്ചറേസ് ഹോസ്പിറ്റലിലേക്ക്, അത്ര മാത്രം മതി.

അപ്പോയിൻമെന്റ് ബുക്ക് ചെയ്യുക. ആവശ്യം അറിയിക്കുക. വേണ്ട ഡോക്ടർമാരെ സൂചിപ്പിക്കുക. പിന്നീട് അവിടെ എത്തിയാൽ മതി. ഡോക്ടറെ കാണാം. സേവനങ്ങൾ നേടാം. സംതൃപ്തിയോടെ പുറത്തേക്കിറങ്ങുമ്പോൾ അവിടത്തെ ടാഗ് ലൈൻ തന്നെയായിരിക്കും നിങ്ങളുടെ മനസ്സിലും ഐ ആം ഹെൽത്തി!

ഈ സംരംഭത്തിന് പിന്നിലെ ബലിഷ്ഠമായ കരങ്ങളിലൊന്ന് ഡോക്ടർ അഷ്നയുടേതാണ്. തന്നെ ഡോക്ടറാക്കിയ ഈ സമൂഹത്തിന് വേണ്ടി സേവനം ചെയ്യണമെന്ന് അദമ്യമായി ആഗ്രഹിക്കുന്ന വ്യക്തിത്വത്തിന് ഉടമയാണ് ഡോക്ടർ അഷ്ന ഹനീഷ്. ജീവിത യാഥാർത്ഥ്യങ്ങളുടെ പരുപരുത്ത പ്രതലങ്ങളിലൂടെയായിരുന്നു ഇന്നോളം ഡോക്ടർ അഷ്നയുടെ യാത്ര .

വിവാഹം കഴിഞ്ഞു ദീർഘകാലം കുഞ്ഞില്ലാതിരിക്കുക ... ചികിത്സിക്കുക ... ആറു വർഷത്തിനു ശേഷം ഒറ്റ പ്രസവത്തിൽ മൂന്ന് കുട്ടികൾ . കുഞ്ഞുങ്ങൾ! അമ്മയുടെ അസുഖം !ഇക്കാലയളവിൽ തന്നെ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സ്.

ഈ അവസ്ഥകൾക്കിടയിലും പഠിക്കാൻ പോവുക ! ഇതിനൊക്കെ പിന്തുണ, ധൈര്യം ഇവ നൽകി കൂടെ നിന്ന ആളാണ് ഡോക്ടർ കൂടിയായ ഭർത്താവ് ഹനീഷ്.പി.ജി. കഴിയുമ്പോഴേക്കും മറ്റൊരു കുഞ്ഞുകൂടി ജനിച്ചു കഴിഞ്ഞിരുന്നു. ഉത്തരവാദിത്വം കൂടുകയാണ്.മാതാവ് അസുഖത്താൽ മരണപ്പെട്ടു.

കൊച്ചി ഇന്ദിരാഗാന്ധി മെമ്മോറിയൽ ആശുപത്രിയിൽ ചീഫ് ദന്തൽസർജൻ ആയി നിയമനം ലഭിച്ചു. ഭാര്യയും ഭർത്താവും ഡോക്ടർമാർ. കുട്ടികൾ, കുടുംബം . ഉള്ളതിൽ ഒതുങ്ങി സന്തോഷത്തോടെ ജീവിക്കാം. അതൊന്നുമായിരുന്നില്ല,ചില ലക്ഷ്യങ്ങൾ കൂടി ഡോക്ടർ അഷ്നക്ക് ഉണ്ടായിരുന്നു. ആ ലക്ഷ്യങ്ങളുടെ പൂർത്തീകരണമാണ് ജീവിതവും സന്തോഷവും എന്ന് കരുതി.

ഒരു വർഷം ജോലിചെയ്ത ശേഷം ഡോക്ടർ അതു വിട്ടു. ഇതിനകം ഫാർമ കമ്പനി സി ആന്റ് എഫ് സ്റ്റോക്കിസ്റ്റിൽ പാർട്ണർ ആയി. അപ്പോഴും സേവന തൽപരയായ അഷ്നയുടെ മനസ്സ് തന്റേതായ ഇടം തേടിക്കൊണ്ടിരിക്കുകയായിരുന്നു. ആരോഗ്യരംഗത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ശ്രമിച്ചു. ഇടത്തരം ആശുപത്രികൾ ,സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, സർക്കാർ ആശുപത്രികൾ ഒക്കെ നിരീക്ഷിച്ചപ്പോൾ മനസ്സിലായത് ഉന്നത ആശുപത്രികളിൽ പോയി





**അവിടെ എത്തുന്നവർക്ക് ഒരു ആശുപത്രിയുടെ അന്തരീക്ഷമല്ല മറിച്ച് ആഹ്ളാദത്തിന്റെ, സമാധാനത്തിന്റെ അന്തരീക്ഷമാണ് ഒരുക്കിയിരിക്കുന്നത്. രോഗിയുടെ ആശങ്കകളും വിഹ്വലതകളും ഈ അന്തരീക്ഷത്തിൽ തന്നെ ഏറെ കുറയുന്നു. മനസ്സിന്റെ ഭാരം ലഘൂകരിക്കപ്പെടുന്നു. അവർക്ക് ആവശ്യമുള്ള ഡോക്ടർമാരെ തിരഞ്ഞെടുക്കാനും കൂടി കഴിഞ്ഞാലോ......!**

ചികിത്സ തേടേണ്ടി വരുന്നത് 20 ശതമാനം രോഗികൾക്കാണ് .ബാക്കി 80% രോഗികളും പല തട്ടുകളിലായി പോകുന്നു.

പല സമ്മർദ്ദങ്ങൾക്ക് വഴങ്ങിയും തെറ്റിദ്ധാരണയാലും ഉന്നത ഹോസ്പിറ്റലിൽ പോകേണ്ടിവരുന്നു. വേണ്ടത്ര ദിശാബോധം ചികിത്സ നേടുന്നതിൽ ഉണ്ടാകുന്നുണ്ടോ എന്ന് പോലും സംശയിക്കേണ്ടിയിരിക്കുന്നു! എങ്കിൽ എന്തുകൊണ്ട് 80 ശതമാനം രോഗികൾക്ക് വേണ്ടി, അതിവിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള നിർദ്ദേശവും ആശുപത്രിയെ കുറിച്ച് അവബോധവും ഉണ്ടാക്കുകയും ചെയ്തുകൊണ്ട് ഒരു ആതുര സേവന സംരംഭം തുടങ്ങിക്കൂടാ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ആഹ്ലാദ അന്തരീക്ഷം നൽകുകയും വേണം. സമാന ചിന്താഗതിയുള്ള ഡോക്ടർമാരും കൂടെ ഒത്തുചേർന്നു. അങ്ങനെ ഒരു ബ്യൂട്ടിക് ഹോസ്പിറ്റൽ എന്ന സങ്കല്പത്തിലൂടെ 2020 ഫെബ്രുവരി 20ന് ഫ്യൂച്ചറേസ് ഹോസ്പിറ്റൽ നിലവിൽ വന്നു .

അവിടെ എത്തുന്നവർക്ക് ഒരു ആശുപത്രിയുടെ അന്തരീക്ഷമല്ല മറിച്ച് ആഹ്ലാദത്തിന്റെ, സമാധാനത്തിന്റെ അന്തരീക്ഷമാണ് ഒരുക്കിയിരിക്കുന്നത്. രോഗിയുടെ ആശങ്കകളും വിഹ്വലതകളും ഈ അന്തരീക്ഷത്തിൽ തന്നെ ഏറെ കുറയുന്നു. മനസ്സിന്റെ ഭാരം ലഘൂകരിക്കപ്പെടുന്നു. അവർക്ക് ആവശ്യമുള്ള ഡോക്ടർമാരെ തിരഞ്ഞെടുക്കാനും കൂടി കഴിഞ്ഞാലോ......! എത്ര സമാധാനമായി. 40 ലധികം ഡോക്ടർമാരും മിഡിലീസ്റ്റിൽഉള്ള സുഹൃത്തുക്കളും അറബിക് ഫെസിലിറ്റേഴ്സും പാർട്ണർമാരായി ചേർന്നു.

150 ഓളം ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫ്യൂച്ചറേസിൽ ഇൻ ഹൗസ് ഡോക്ടർമാരില്ല. എന്നാൽ 24 x 7 എമർജൻസി ബാക്ക് അപ് ഇവിടെ ലഭ്യമാണ്.

ആവശ്യമുള്ള ആർക്കും ആവശ്യ സമയത്ത് വിദഗ്ദ ഡോക്ടർമാരുടെ തന്നെ സേവനം ലഭിക്കും. എത്രയോ സുതാര്യവും ലളിതവുമാണ് ഈ രീതി . ആരോഗ്യരംഗത്തെ പരമ്പരാഗതമായ ശൈലിയെ മാറ്റിമറിച്ച് മറ്റൊരു ആരോഗ്യസംസ്കാരം ഉദയം കൊള്ളുകയാണ്. അല്ലെങ്കിൽ ചികിത്സ പദ്ധതി മാറി മറിയുകയാണ്. കുറച്ച് സുഹൃത്തുക്കളുടെ മനസ്സിൽ ഉദിച്ച ദീപ്തി, ഇപ്പോൾ സേവനത്തിന്റെ വെള്ളിവെളിച്ചമായി പ്രകാശിക്കുകയാണ് !മിഡിലീസ്റ്റിൽ ഉള്ളവരും ഇവിടെ ചികിത്സയ്ക്കായി എത്തുന്നു. ഇത്രയേറെ സൗകര്യങ്ങൾ ഉണ്ടായിട്ടും അധിക ചെലവ് രോഗികൾക്കും കുടുംബത്തിനും വരുത്താതെ ശ്രദ്ധിക്കുവാനും ശ്രമിക്കുന്നു.

'ഇവിടെ ജോലി ചെയ്യുന്നവർ ഡോക്ടർമാരായാലും മറ്റ് സ്റ്റാഫുകൾ ആയാലും ഒരു കാര്യത്തിൽ നിർബന്ധമുണ്ട്. സേവനം ആയിരിക്കണം മുഖ്യമായി കരുതേണ്ടത്. അങ്ങനെ സേവനതത്പരരായവർ മാത്രമേ ഇവിടെ ഉള്ളൂ. അല്ലാത്തവർ ഈ ഹോസ്പിറ്റലിൽ ഇല്ല എന്ന് ഉറപ്പിച്ച് പറയാനാകും' ഡോക്ടർ തീർത്തു പറയുന്നു. ചികിത്സ തേടി എത്തുന്നവർക്ക് വ്യക്തിഗത പരിചരണവും പരിഗണനയും ഉറപ്പ്. ആധുനിക സൗകര്യങ്ങൾ ഉള്ള സർജിക്കൽ സ്പെഷ്യാലിറ്റി സെന്റർ ആയാണ് ഫ്യൂച്ചറേസ് ഹോസ്പിറ്റലിന്റെ പ്രവർത്തനം'

ഗ്രൗണ്ട് ഫ്ളോർ അടക്കം മൂന്നു നിലകൾ. ഗ്രൗണ്ട് ഫ്ളോറിൽ സർജിക്കൽ സെന്ററുകൾ . ഒന്നാം നിലയിൽ ഔട്ട് പേഷ്യന്റ് വിഭാഗം. 'പോളിക്ലിനിക്കായാണ് ഒ.പി. വിഭാഗം ക്രമീകരിച്ചിരിക്കുന്നത്. ഇസിജി, എക്സ് -റേ വിഭാഗം, ലാബ് സൗകര്യങ്ങൾ, ദന്തൽ വിഭാഗം എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. ഫാർമസിയിൽ 24 മണിക്കൂർ സമയവും സേവനം ലഭിക്കും. വൻകിട കോർപ്പറേറ്റ് ആശുപത്രികളിലെ മികവാർന്ന ചികിത്സയും ഇത്തരം സൗകര്യങ്ങളും വളരെ കുറഞ്ഞ ചെലവിൽ ഇവിടെ നിന്നും ലഭിക്കുന്നതിന് ഒപ്പം തന്നെ ബെഡ്ഡുകളുടെ എണ്ണം കുറച്ച് കിടത്തി ചികിത്സാ രോഗികളുടെ എണ്ണത്തെ ക്രമീകരിച്ചിരിക്കുന്നത് രോഗികൾക്ക് വേണ്ട സംരക്ഷണം ലഭിക്കാൻ കൂടി വേണ്ടിയാണ്. ഏതു പ്രതിസന്ധികൾക്കിടയിലും സാധ്യതകൾ കാണുന്നവരാണ് ഏറ്റവും വലിയ സംരംഭകർ എന്ന് ഡോക്ടർ പറയുമ്പോൾ അതിനു സാക്ഷ്യം വഹിക്കുന്നത് ഡോക്ടറുടെ ക്രിയാത്മകമായ ജീവിതം തന്നെയാണ് .

ഇത്തരം ഹോസ്പിറ്റലുകൾ ഇനി കേരളത്തിൽ എമ്പാടും തുടങ്ങണമെന്നും കാത്-ലാബ്,സി ടി സ്കാൻ, എംആർഐ തുടങ്ങിയവയും ഉണ്ടാകണമെന്നാണ് ഡോക്ടറുടെ ആഗ്രഹം. കേവലം 25 ബെഡ്ഡുകളിൽ തുടങ്ങിയ ഈ ഹോസ്പിറ്റൽ ഇപ്പോൾ 100 ബെഡ്ഡുകളിലേക്ക് വളർന്ന് വലിയ വിപുലീകരണത്തിന്റെ പാതയിലാണ്. ലക്ഷ്യബോധമുള്ള അർപ്പണ സേവന പ്രാപ്തയായ, സംരംഭകയായ ഡോക്ടർക്ക് തന്റെ ലക്ഷ്യങ്ങൾ സാധ്യമാകാതെ വരില്ല.കേരളത്തിൽ മാത്രമല്ല വിദേശത്തും ഈ സംരംഭത്തിന്റെ വേരുകൾ പാകാനുള്ള അണിയറയിലാണ് ഡോക്ടറിപ്പോൾ .ഇതിനായി നിരവധി ഇൻവെസ്റ്റേഴ്സ് തങ്ങളെ സമീപിക്കുന്നുണ്ടെന്ന് ഡോക്ടർ വെളിപ്പെടുത്തി.

## സംരംഭകത്വവഴിയിലെ മുതൽക്കൂട്ട്

വനിത സംരംഭകർക്കായി IIM ബാംഗ്ളൂരിൽ സംഘടിപ്പിച്ച സംരഭകത്വ കോഴ്സിൽ സ്കോളർഷിപ്പോടു കൂടി അഡ്മിഷൻ ലഭിക്കുകയും വിജയകരമായി കോഴ്സ് പൂർത്തികരിക്കാനും ദന്തൽ സർജനായ ഡോക്ടർക്ക് സാധിച്ചു. അതു പോലെ NSRCEL ലും IIM ബാംഗ്ളൂരിലുമായി നടത്തിയ ഫിനാൻസ് ഫോർ ഗ്രോത്ത് പ്രൊഫഷൻ എന്ന കോഴ്സും വിജയകരമായി പൂർത്തിയാക്കാൻ അഷ്ന ഡോക്ടർക്ക് സാധിച്ചു.

സ്വന്തം പ്രൊഫഷണൽ നിന്ന് മാറി പൂർത്തികരിക്കാൻ സാധിച്ച ഈ കോഴ്സുകൾ സംരഭകത്വ വഴിയിലെ വലിയ നാഴിക കല്ലുകളായി ഡോക്ടർ കരുതുന്നു.

## പുതു പുത്തൻ സാങ്കേതികവിദ്യ നടപ്പിലാക്കാൻ കൊതിക്കുന്ന ഡോക്ടർ

വൈദ്യശാസ്ത്രത്തിലെ പുരോഗതിയും സാങ്കേതികരംഗത്തെ വളർച്ചയേയും കൂട്ടിയിണക്കി ആർട്ടിഫിഷ്യൽ ഇന്റലിജെന്റ് പോലുള്ള അത്യാധുനിക സാങ്കേതിക വിദ്യയും ഉപയോഗിക്കുന്ന ഫ്യൂച്ചറെസ് ഹോസ്പിറ്റലിൽ രോഗനിർണ്ണയവും ചികിത്സയും കുറ്റമറ്റതായി തീരുന്നു. ആരോഗ്യ രംഗത്തെ നൂതന സാങ്കേതിക വിദ്യയായ ഇന്റഗ്രേറ്റഡ് റിമോട്ട് ICU ഈ ഹോസ്പിറ്റലിൽ ഉപയോഗിക്കുന്നു. ഉൾപ്രദേശങ്ങളിൽ നിന്നുള്ളവർക്കുപോലും ഇത് വളരെ പ്രയോജനപ്പെടുന്നു.പുതുമകളെയും വ്യത്യസ്തതകളെയും നവ സാങ്കേതികവിദ്യകളെയും ചേർത്തുപിടിച്ച് സംരംഭങ്ങൾ പടുത്തുയർത്തുന്ന ഡോക്ടർ അഷ്‌ന യുവ സംരംഭകർക്ക് പ്രചോദനമായി മാറുകയാണ്.

## പുരസ്കാരനിറവിൽ ഡോക്ടർ അഷ്‌ന

ദന്തൽ സർജൻ എന്ന നിലയിൽ നിന്നും സംരഭക എന്ന റോളിൽ എത്തുമ്പോൾ ഡോക്ടർ അഷ്‌നയുടെ നേതൃപാടവും സംഘാടന മികവും വളരെ ശ്രദ്ധേയമായി.

BNI പോലുള്ള ബിസിനസ് ഗ്രൂപ്പുകളുടെ നേതൃപദം അലങ്കരിക്കാനും നിരവധി സംഘടനകളിൽ തന്റെ പാടവം തെളിയിക്കാനും ഡോക്ടർ അഷ്‌നക്ക് ഇതിനോടകം സാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ നിരവധി പുരസ്കാരങ്ങളും ഡോക്ടറെ തേടിയെത്തി. 2024 ജെ സി ഐ അവാർഡ്, 2024 ൽ ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളജ് വനിതാ സംരഭകർക്കായി ഏർപ്പെടുത്തിയ റൈസിംഗ് സ്റ്റാർ അവാർഡ്,2023ലെ ഗോൾഡൻ ഈഗിൾ അവാർഡ് ,2022ലെ സംരംഭം അവാർഡ്, 2022ലെ ഐഡിഎയുടെ എന്റർപ്രണർ ഓഫ് ദി ഇയർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾക്ക് ഉടമയാണ് ഡോ. അഷ്‌ന. തങ്ങളുടെ ഹോസ്പിറ്റലിൽ എത്തുന്ന ഓരോ രോഗിയുടെയും ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും ഈ സംരംഭത്തിലെ ഇൻവെസ്റ്റേഴ്സിന്റെയും പുഞ്ചിരിയും സന്തോഷവുമാണ് ഏറ്റവും വലിയ അവാർഡ് എന്ന് കരുതുന്ന വ്യക്തിയാണ് ഡോക്ടർ അഷ്‌ന ,

**BNI പോലുള്ള ബിസിനസ് ഗ്രൂപ്പുകളുടെ നേതൃപദം അലങ്കരിക്കാനും നിരവധി സംഘടനകളിൽ തന്റെ പാടവം തെളിയിക്കാനും ഡോക്ടർ അഷ്‌നക്ക് ഇതിനോടകം സാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ നിരവധി പുരസ്കാരങ്ങളും ഡോക്ടറെ തേടിയെത്തി**

## സംരംഭകർക്ക് ഊർജ്ജവും പ്രചോദനവും .

ഏർപ്പെടുന്ന മേഖലകളിലെല്ലാം ഊർജ്ജസ്വലതയോടും തീക്ഷ്ണതയോടും പ്രതിബദ്ധതയോടും കൂടി തന്റെ വ്യക്തിത്വം നിലനിർത്തുന്ന ഈ സംരംഭകയ്ക്ക് മുന്നോട്ടുള്ള പ്രയാണത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അനേകരിലേക്ക് പോസിറ്റീവ് എനർജിയുടെ വലിയ ലോകം തുറന്നിടുന്ന ഡോക്ടർ അഷ്‌ന സ്ത്രീ ലോകത്തിന് അഭിമാനവും പ്രചോദനവുമാണ്. ●

